(എ) മേപ്പയൂർ നിയോജകമണ്ഡലത്തിലെ വാണിമേൽ പുഴയ്ക്കു കുറുകെ കുമ്പളച്ചോല-ഹനുമാൻകുണ്ട് റോഡുകളെ ബന്ധിപ്പിക്കുന്നതിന് ഒരു പാലം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനത്തിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് (ആർ ആന്റ് ബി) ചീഫ് എഞ്ചിനീയറുടെ ഓഫീസ് ഫയൽ നമ്പർ 2014/സി1/99-ൽ മേൽ ഉണ്ടായിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിലെ വാണിമേൽ പുഴയ്ക്കു കുറുകെ കുമ്പളച്ചോല-ഹനുമാൻകുണ്ട് റോഡുകളെ ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച നിവേദനത്തിൻമേൽ വടകര റോഡ്സ് സബ് ഡിവിഷനിലെ അസി. എക്സി. എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1.2.99-ലെ 2014/സി1/99/പൊ.മ.വ. വകുപ്പ് നമ്പർ കത്തിന്റെ പകർപ്പ് മേൽനടപടികൾക്കായി അസി. എക്സി. എഞ്ചിനീയർ വടകരയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

87 (231) മനയ്ക്കൽചിറ ഭാഗത്തെ ഒന്നാം പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ മനയ്ക്കൽചിറ ഭാഗത്തെ ഒന്നാം പാലത്തിന്റെ നിർമ്മാണപ്രവർത്തികൾ പൂർത്തിയായോ;

(ബി) ഈ പാലത്തിന്റെ പണിക്കുവേണ്ടി നിർമ്മിച്ച ബൈപ്പാസ് റോഡ് മുറിച്ച് ജലഗതാഗതത്തിന് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർത്തിയായി.

(ബി) പ്രസ്തുത പണിക്കുള്ള കരാർ അംഗീകരിച്ചിട്ടുണ്ട്.

88 (232) ചുല്ലത്തുമൂലയിലെ പാലം പണി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ ചുല്ലത്തുമൂലയിൽ ഒരു പാലം പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ചുല്ലത്തുമൂല നിവാസികളുടെ നിവേദനം ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പാലം നിർമ്മാണം ത്വരിതപ്പെടുത്തി പണി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലെ ചുള്ളത്തുമൂല പാലം പൊതുമരാമത്തു വകുപ്പിന്റെ കീഴിലല്ല.

89 (233) തൃക്കണ്ണാപുരം പാലം

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ തൃക്കണ്ണാപുരത്ത് കരമനയാറിന് കുറുകെ നിർമ്മിക്കുന്ന പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ നിലച്ചിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം നിർമ്മാണം ത്വരിതപ്പെടുത്തി പണി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നതിന്റെ പ്രധാന കാരണം കരാറുകാരന്റെ അനാസ്ഥയാണ്.

(ബി) പണി എത്രയും വേഗം പൂർത്തിയാക്കണമെന്ന് കാണിച്ച് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ലെങ്കിൽ റിസ്ക് ആന്റ് കോസ്റ്റിൽ പണി അവസാനിപ്പിച്ച് ബാക്കി പണികൾ മറ്റ് ഏജൻസികൾ മുഖേന ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

90 (234) കുനിയൽകടവ് പാലം പണി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ കുനിയൽകടവ് പാലത്തിന്റെ ടെണ്ടർ എഗ്രിമെന്റ് പ്രകാരം പാലത്തിന്റെ പണി എന്നു പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്;

(ബി) പ്രസ്തുത പണിയുടെ ഇന്നത്തെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 5.1.1997-ൽ

(ബി) പ്രസ്തുത പാലത്തിന്റെ പണി ഏകദേശം പതിനഞ്ച് ശതമാനം പൂർത്തിയായിട്ടുണ്ട്. കരാറുകാരൻ നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 31.3.98 മുതൽ പണി നിർത്തിവച്ചിരിക്കുകയാണ്. യഥാസമയം പേമെന്റും ഡിപ്പാർട്ടുമെന്റ് മെറ്റീരിയൽസും നൽകിയിരുന്നില്ലെന്ന പരാതിയും കരാറുകാരൻ ഉന്നയിച്ചിട്ടുണ്ട്. ഒരു സ്പാൻ പണി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പതിനഞ്ച് സ്പാൻ പണി ഇനി ചെയ്യാനുണ്ട്. കരാറുകാരന്റെ ആവശ്യങ്ങൾ ഗവൺമെന്റ് ആർബിട്രേഷൻ കമ്മിറ്റി പരിഗണിച്ചുവരുന്നു. ബാക്കി പണി ഒക്ടോബർ 1999-ൽ പുനരാരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly